(ബി) പ്രസ്തുത സംഭവത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

പ്രസ്തുത സംഭവത്തിൽ ആരോപണ വിധേയയായ ആറ്റിങ്ങൽ പിങ്ക് പട്രോൾ വാഹനത്തിലെ ഡ്രൈവർ ഡ്യൂട്ടി നോക്കിയിരുന്ന GSCPO T 3243 രജിതയെ തിരുവനന്തപുരം റേഞ്ച് DIG യുടെ 29-8-2021-ലെ No.A2(എ)/10052/2021 TR പ്രകാരം കൊല്ലം സിറ്റി പോലീസ് യൂണിറ്റിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുള്ളതും രണ്ടാഴ്ചത്തെ Behaviour Improvement Training നൽകുന്നതുൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ആയത് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. ഇതിലേയ്ക്കായി സംസ്ഥാന പോലീസ് മേധാവി 12-7-2021 ൽ എക്സിക്യൂട്ടീവ് ഡയറക്ടീവ് നം. 21/2021 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പോലീസ് അതിക്രമങ്ങൾ

106 (106) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗണിന്റെ പേരിൽ പിഞ്ചുകുഞ്ഞുങ്ങളെ അടക്കം പോലീസ് ഉപദ്രവിക്കുന്ന സംഭവങ്ങൾ കൂടിവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഐ.എസ്.ആർ.ഒ.-യുടെ വാഹനം കടന്നുപോകുന്നത് കാണാനായി ആറ്റിങ്ങലിൽ നിൽക്കുമ്പോൾ ഫോൺ മോഷ്ടിച്ചുവെന്ന് ആരോപിച്ച് മൂന്ന് വയസ്സുകാരിയോട് അപമര്യാദയായി പെരുമാറിയ പിങ്ക് പോലീസിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ കുട്ടിയുടെ അച്ഛൻ നൽകിയ പരാതിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്നും പരാതിയിൽ എസ്.സി./എസ്.ടി.

LIBRARY ARCHIVES Kerala Legislative Assembly

അട്രോസിറ്റീസ് പ്രിവെൻഷൻ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും അറിയിക്കുമോ?

(ബി&സി) പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തി ആരോപണ വിധേയയായ ഉദ്യോഗസ്ഥയെ മറ്റൊരു ജില്ലയിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുള്ളതും Behaviour Improvement Training നൽകുന്നതുൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇതിലേയ്ക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) അമിതവേഗത്തിന് പെറ്റി അടയ്ക്കാത്തതിന് വാഹനവേഗത പരിശോധിക്കുന്ന ഇൻസ്പെക്ടർ വാഹനത്തിലുണ്ടായിരുന്ന മൂന്നു വയസുകാരിയെ കാറിൽ പൂട്ടിയിട്ട സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിഷയത്തിൽ അന്വേഷണം നടന്നുവരുന്നു.

സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് നടപടി

107 (107) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സൈബർ കുറ്റകൃത്യങ്ങൾ വളരെ കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ വിഭാഗമാണ് സൈബർഡോം. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുൻകൂട്ടി മനസ്സിലാക്കി കുറ്റകൃത്യങ്ങൾ തടയുന്നതിന് ആവശ്യമായ സൈബർ പട്രോളിംഗ്, സാമ്പത്തിക തട്ടിപ്പുകൾക്കെതിരായി റിസർവ് ബാങ്കുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ, സർക്കാർ-അർദ്ധ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ വെബ്സൈറ്റിന്റെ സുരക്ഷാ പരിശോധനകൾ, റാൻസംവയർ, മാൽവെയർ അറ്റാക്ക് എന്നിവയെക്കുറിച്ചുള്ള അനാലിസിസ് തുടങ്ങിയവ ചെയ്തുവരുന്നു. സംസ്ഥാനത്തിന്റെ ഡിജിറ്റർ അസെറ്റുകളുടെ സുരക്ഷയ്ക്കാവശ്യമായ സാങ്കേതിക വിദ്യാകേന്ദ്രമായി പ്രവർത്തിക്കുന്നതിന് പുറമേ സാമ്പത്തിക-സോഷ്യൽ മീഡിയാ തട്ടിപ്പുകൾ തടയുന്നതിനാവശ്യമായ സോഫ്റ്റ്വെയറുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സൈബർ ഡോം സ്വീകരിച്ചുവരുന്നു. കേരള പോലീസിന്റെ സൈബർ ഡോമിന്റെ മികവിന് ദേശീയ അന്തർദേശീയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly